(സി) കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ മൺവിളയിൽ പാർക്ക് സ്ഥാപിച്ചു. ഷൊർണ്ണൂർ, അങ്കമാലി, തിരുവല്ല, തൃശ്ശൂർ, മാരാരിക്കുളം, അമ്പല പ്പുഴ, കോട്ടയം, ചാത്തന്നൂർ എന്നീ മണ്ഡലങ്ങളിൽ പ്രാരംഭ പ്രവർത്തനം ആരംഭിച്ചു.

(ഡി) മുപ്പത്തിയേഴ്.

(ഇ) ഇല്ല.

(എഫ്) വ്യവസായ പാർക്കിനാവശ്യമായ സ്ഥലലഭ്യത, വ്യവസായ സംരംഭകരുടെ പങ്കാളിത്തം എന്നിവയെ ആശ്രയിച്ചാണ് പദ്ധതി പൂർത്തിയാക്കുക.

(ജി) ധനം സ്വരൂപിക്കുന്ന മുറയ്ക്ക് എല്ലാ മണ്ഡലങ്ങളിലും പാർക്ക് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. കഴക്കൂട്ടം മണ്ഡലത്തിലെ മൺവിളയിൽ ഒരെണ്ണം സ്ഥാപിച്ചു. എട്ട് മണ്ഡലങ്ങളിൽ പ്രാരംഭ നടപടികൾ നടന്നുവരുന്നു.

213 (*279) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിപ്രകാരം അനുമതി നൽകുന്ന നിർമ്മാണപ്രവർത്തനങ്ങൾ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിപ്രകാരം ഗവൺമെന്റ് അനുമതി നൽകുന്ന നിർമ്മാണപ്രവർത്തനങ്ങളുടെ നടത്തിപ്പിൽ പലപ്പോഴും വലിയ കാലതാമസമുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കീമിലെ നിർമ്മാണപ്രവർത്തനങ്ങളുടെ ഗതിവേഗം വർധിപ്പിക്കുന്നതിനായി എല്ലാ മണ്ഡലങ്ങളിലും എം.എൽ.എ മാർ ചെയർമാൻമാരായുള്ള റിവ്യൂ കമ്മിറ്റികൾ രൂപീകരിക്കാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ;

(സി) എങ്കിൽ റിവ്യൂ കമ്മിറ്റികൾ രണ്ടുമാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് പ്രവർത്തനം അവലോകനം ചെയ്യണമെന്ന് നിഷ്കർഷിക്കുമോ;

(ഡി) നിലവിൽ പ്രസ്തുത വർക്കുകളുടെ റിവ്യൂ എവിടെയെങ്കിലും നടക്കുന്നുണ്ടോ; എങ്കിൽ ആരാണ് അതിന് ചുമതലപ്പെട്ടവരെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി അനുവദിക്കുന്ന പണികൾ കാലതാമസം വരുത്താതെ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർ അധ്യക്ഷനായുള്ള 'ജില്ലാതല മോണിട്ടറിംഗ് സെൽ' സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ജില്ലയിലെ എം.എൽ.എ. മാരും ഈ മോണിട്ടറിംഗ് സെല്ലിലെ അംഗങ്ങളാണ്. ഈ നിർദ്ദേശം പരിശോധിക്കുന്നതാണ്.

(സി) ജില്ലാതല മോണിട്ടറിംഗ് സെൽ രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം കൂടി പണികളുടെ പ്രവർത്തനപുരോഗതി അവലോകനം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ടതാണെന്നും പണികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) പണികൾ നടപ്പിലാക്കുന്നതിനുള്ള പുരോഗതി സർക്കാർ ജില്ലാ കളക്ടർമാരുടെ യോഗത്തിൽ അവലോകനം ചെയ്യാറുണ്ട്. ജില്ലാകളക്ടർമാർ എല്ലാ മാസവും അവലോകനം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

214 (280) റവന്യൂ ഭരണം കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. എ. കണാരൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിനും അഴിമതി അവസാനിപ്പിക്കുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ ഉദ്യോഗസ്ഥ തലത്തിലുള്ള അഴിമതികൾ കണ്ടുപിടിക്കുന്നതിനും ഓഫീസ് പരിശോധനകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് വില്ലേജാഫീസുകളിലെയും താലൂക്കാഫീസുകളിലെയും അഴിമതി അവസാനിപ്പിക്കുന്നതിനും പരാതികൾ സമയബന്ധിതമായി അന്വേഷിക്കുന്നതിനുമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള താലൂക്കുകളും വില്ലേജുകളും വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

ഉത്തരം

(എ) റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 1.7.1998 മുതൽ റവന്യൂ ബോർഡ് നിറുത്തലാക്കി പകരം കമ്മിഷണർമാർക്ക് അധികാരം നൽകുകയും, 14.10.1998-ലെ ജി.ഒ.(എം.എസ്.) 510/98/ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം ലാന്റ് റവന്യൂ കമ്മിഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് തലംവരെ ഉൾപ്പെടുന്ന തരത്തിൽ വകുപ്പ് പുനഃസംഘടിപ്പിക്കുകയും ചെയ്തു. താലൂക്ക് ഓഫീസുകളിലും വില്ലേജാഫീസുകളിലും നിന്ന് വിവിധതരം സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് കാലതാമസം നേരിടുന്നതുകാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അവ പരിഹരിക്കുന്നതിന് നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ വിവിധതലങ്ങളിലെ പ്രവർത്തനം സംബന്ധിച്ച് സർക്കാരിനു ലഭിക്കുന്ന പരാതികളിൽ സത്വര നടപടി സ്വീകരിക്കുന്നതിനും അഴിമതി തടയുന്നതിനുമായി തിരുവനന്തപുരവും കോഴിക്കോടും കേന്ദ്രമായി രണ്ട് വിജിലൻസ് സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly